LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ അപേക്ഷകരുടെ അംഗസംഖ്യയ്ക്ക് ആനുപാതികമായി ഇത് തീരുമാനിക്കപ്പെട്ടാൽ കുറച്ചുകൂടി ക്വാട്ട കിട്ടാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഈ ക്വാട്ട വർദ്ധിപ്പിച്ചുകിട്ടുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കണം. ഹജ്ജ് കാര്യങ്ങളുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയും കേരള ഗവൺമെന്റും കേന്ദ്ര ഹജ്ജ് കമ്മിറ്റിയിലും സർക്കാരിലും ഇതിനാവശ്യമായ സമ്മർദ്ദം ചെലുത്തി അഞ്ച് വർഷം തുടർച്ചയായി അപേക്ഷിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കും ഹജ്ജിന് പോകുന്നതിനുള്ള അവസരം നൽകണം. അഞ്ച് വർഷം തുടർച്ചയായി അപേക്ഷിച്ചിട്ടും അവസരം ലഭിക്കാത്ത എണ്ണായിരത്തോളം ആളുകളുണ്ട്. അതുകൊണ്ട് ക്വാട്ട വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>): സർ, രാജ്യത്തിന് കിട്ടുന്ന മൊത്തം എണ്ണത്തിൽനിന്ന് അപേക്ഷകൾ കൂടുതലുള്ള സ്ഥലത്ത് കൂടുതൽ ക്വാട്ട കൊടുക്കണമെന്നതെല്ലാം നമ്മുടെ ഡിമാന്റായിരുന്നു. കാരണം, കേരളത്തിലാണ് ഏറ്റവും കൂടുതൽ ഹജ്ജ് അപേക്ഷകർ വരുന്നത്. പക്ഷെ ഇതുവരെ കേന്ദ്ര ഗവൺമെന്റ് ആ നയം സ്വീകരിച്ചിട്ടില്ല. ജനസംഖ്യാനുപാതികമായാണ് ക്വാട്ട കൊടുക്കുന്നത്. അങ്ങനെ വരുമ്പോൾ കേരളത്തിൽനിന്ന് അപേക്ഷിക്കുന്നവരുടെ എത്രയോ ചെറിയൊരു ശതമാനം ആളുകൾക്കുമാത്രമേ ഹജ്ജ് കമ്മിറ്റി മുഖാന്തിരം ഹജ്ജിന് പോകാൻ അവസരം ലഭിക്കുന്നുള്ളൂ. 70 വയസ്സായവർക്കും 4-5 പ്രാവശ്യം അപേക്ഷിച്ചവർക്കും നറുക്കെടുപ്പില്ലാതെ മുൻഗണന കൊടുക്കുന്നുണ്ട്. എന്തായാലും അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോർഷണേറ്റായി ക്വാട്ട കൊടുത്താൽ മാത്രമേ കേരളത്തിൽനിന്ന് കൂടുതൽ ആളുകൾക്ക് പോകാൻ കഴിയുകയുള്ളൂ. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അതിനുള്ള ശ്രമം തുടരും. ഇത്തവണ ഒന്നുകൂടി വളരെ സീരിയസ്സായി ആ കാര്യം നോക്കുന്നതാണ്.

3. കർഷകർക്ക് നഷ്ടപരിഹാരം

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകരുടെ പ്രശ്നമാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നതെങ്കിലും ഇത് കടുത്തുരുത്തി മണ്ഡലത്തിൽ മാത്രമല്ല, സംസ്ഥാനത്തൊട്ടാകെ 2013-14-ലും 2014-15-ലും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ കേന്ദ്ര ഗവൺമെന്റ് എടുത്ത പുതിയ തീരുമാനംമൂലം കഴിയാതെ നിൽക്കുകയാണ്. ഈ പ്രശ്നം കഴിഞ്ഞ സഭയിലും ഞാനും വിവിധ എം.എൽ.എ.മാരും ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന ഗവൺമെന്റ് നല്ലൊരു തീരുമാനം ഇവിടെ എടുക്കുകയുണ്ടായി. അതിനെ സ്വാഗതം ചെയ്യുകയാണ്. കാരണം, കേന്ദ്ര ഗവൺമെന്റ് വാഴക്ക് 100

രൂപ നഷ്ടപരിഹാരം കൊടുത്തിരുന്നത് 5 രൂപയായി ചുരുക്കിയപ്പോൾ കേരളത്തിലെ കർഷകനാണ് ഏറ്റവും കൂടുതൽ ദുരിതം ഉണ്ടായത്. എല്ലാ കാർഷിക വിളകൾക്കും കേന്ദ്ര ഗവൺമെന്റ് ഈ നിലയിൽ പുതിയ മാനദണ്ഡം നിശ്ചയിച്ചു നമുക്ക് യാതൊരു പ്രയോജനവും ലഭിച്ചില്ല. കർഷകന് ആശ്വാസകരമാണെന്ന് പറയുമ്പോഴും അവരെ അപമാനിക്കുന്നതിന് തുല്യമാകുന്ന നിലയിലേയ്ക്ക് ഇത് മാറിയെന്നുള്ളതുകൊണ്ട് സംസ്ഥാന ഗവൺമെന്റതന്നെ നഷ്ടപരിഹാരം കൊടുക്കാനുള്ള നല്ലൊരു തീരുമാനമെടുത്തു. എന്നാൽ ഇതുവരെ അത് കൊടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടില്ല. സംസ്ഥാനത്തൊട്ടാകെ ഈ ബുദ്ധിമുട്ട് നിലനിൽക്കുകയാണ്. 2-3 വർഷക്കാലത്തെ കടിശ്ശിക കർഷകർക്ക് കൊടുക്കാൻ കിടക്കുകയാണ്. അതുകൊണ്ട് എല്ലാ പ്രദേശങ്ങളിലുമുള്ള കൃഷിക്കാരുടെ വികാരം കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റ് എത്രയും പെട്ടെന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തരമായി പഴയ നിരക്കിലുള്ള തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2013-14-ൽ കടുത്തുരുത്തി മണ്ഡലത്തിലുള്ള ഉഴവൂർ ബ്ലോക്കിലെ കർഷകർക്ക് ലഭിക്കാനുള്ള 12,43,527 രൂപ കഴിഞ്ഞ സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. മാഞ്ഞൂർ കൃഷിഭവനിലെ നെൽകൃഷി നശിച്ചതിന്റെ ധനസഹായമായ 6,23,970 രൂപ മാത്രം ഫണ്ട് ലഭ്യത കുറവുമൂലം നൽകുവാൻ സാധിച്ചിട്ടില്ല. ഇവിടെ ബഹുമാനപ്പെട്ട മോൻസ് ജോസഫ് ചൂണ്ടിക്കാണിച്ചതു പോലെ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് 11-6-2012-ലെ ഉത്തരവു പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന നിരക്കിൽ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് സെന്ററിൽ നിന്നാണ് ധനസഹായം നൽകിയിരുന്നത്. അതാത് കാലത്ത് കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന മാനദണ്ഡമനുസരിച്ചാണ് എസ്.ഡി.ആർ.എഫ്. -ൽ നിന്നും ഫണ്ട് നൽകുന്നത്. എസ്.ഡി.ആർ.എഫ്. മാനദണ്ഡം കേന്ദ്രഗവൺമെന്റ് പരിഷ്കരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ വരികയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവു പ്രകാരം സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച ആ നിരക്കിൽ കേന്ദ്ര ഗവൺമെന്റ് കുറവ് വരുത്തി. എന്നു മാത്രമല്ല, സംസ്ഥാനങ്ങൾ ഉൾപ്പെടുത്തിയ വിളകളെയും കേന്ദ്രം ഒഴിവാക്കി. ഇതുമൂലം കടുത്തുരുത്തി മണ്ഡലത്തിൽ മാത്രമല്ല, കേരളത്തിന്റെ കാർഷികമേഖലയിൽ മുഴുവനും ഗുരുതരമായ പ്രയാസം ഉണ്ടായിട്ടുണ്ട്. അത് കണക്കിലെടുത്തുകൊണ്ട് ഇതിന് സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച നിരക്കിൽ എല്ലാ വിളകൾക്കും ആവശ്യമായ ഫണ്ട് കൊടുക്കാൻവേണ്ടി കൃഷി വകുപ്പിന്റെ ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് 1-4-2013-ൽ പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly